# (v) ഹജ്ജ്

തീർഥാടനം, ലക്ഷ്യം നിർണയിച്ചുള്ള യാത്ര എന്നിങ്ങനെയാണ് ഹജ്ജ് എന്ന പദത്തിന്റെ ഭാഷാർഥം. ഹിജ്റഃ വർഷത്തിലെ ദുൽഹിജ്ജഃ മാസത്തിലെ ആദ്യ പകുതിയിൽ മക്കഃയിൽ നിർദിഷ്ട കർമങ്ങൾ ചെയ്യുന്നതിനുവേണ്ടി നടത്തപ്പെടുന്ന തീർഥാടനമാണ് ഇസ്‌ലാമിൽ ഹജ്ജ്. പ്രവാചക പ്രമുഖനായ ഇബ്റാഹീം നബിയുടെ കാലം (ബി.സി. 2000) മുതലേ ഹജ്ജ് കർമം നിലവിലുണ്ട്. ഇബ്റാഹീംനബിയാണ് ഹജ്ജ് ആരംഭിച്ചതെന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്. കഅ്ബഃയുടെ പുനർനിർമാണം പൂർത്തിയായപ്പോൾ അല്ലാഹു അദ്ദേഹത്തോടു കല്പിച്ചു: "നീ ജനങ്ങളിൽ തീർഥാടനം വിളംബരം ചെയ്യുക. ദൂരദിക്കുകളിൽനിന്നൊക്കെയും കാൽനടയായും ഒട്ടകങ്ങളിൽ സഞ്ചരിച്ചും അവർ നിന്റെയടുക്കൽ വന്നുചേരുന്നതാകുന്നു."(ഖു. 22: 27).

ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും വിശ്വാസി ഹജ്ജ് കർമം നിർവഹിച്ചിരിക്കണം. ആരോഗ്യമില്ലാത്തവരും ആവശ്യമായ സാമ്പത്തിക സൗകര്യവും യാത്രാസൗകര്യവുമില്ലാത്തവരും ഹജ്ജ് ബാധ്യതയിൽനിന്നൊഴിവാകുന്നു. സാധിക്കുമെങ്കിൽ ഒന്നിലേറെ തവണ ഹജ്ജ് ചെയ്യുന്നത് പുണ്യമായി കണക്കാക്കപ്പെടുന്നുണ്ട്.

മക്കഃയിൽ ചെന്ന് കഅ്ബഃ പ്രദക്ഷിണം ചെയ്യുക (ത്വവാഫ്), കഅ്ബഃക്കടുത്തുള്ള സ്വഫാ-മർവഃ കുന്നുകൾക്കിടയിൽ ഏഴു പ്രാവശ്യം നടക്കുക (സഅ്യ്), ദുൽഹിജ്ജഃ എട്ടാം നാൾ കഅ്ബഃയുടെ ഏതാണ്ട് ആറു കിലോമീറ്റർ അകലെയുള്ള മിനായിൽ ചെന്നു താമസിക്കുക, ഒമ്പതാം നാൾ പകൽ അറഫഃ മൈതാനത്ത് ചെന്നുനിന്ന് പ്രാർഥിക്കുക, അന്നു രാത്രി അറഫഃക്കും മിനാക്കുമിടയിലുള്ള മുസ്ദലിഫഃ എന്ന സ്ഥലത്തു തങ്ങുക, പിറ്റേന്ന് മിനായിലേക്ക് മടങ്ങിവന്ന് ജംറഃകളിൽ കല്ലെറിയുക, രണ്ടോ മൂന്നോ നാൾ മിനായിൽതന്നെ താമസിക്കുക-അതിനിടക്ക് ബലി നടത്തിയശേഷം മുടിമുറിച്ചു ഇഹ്റാമിൽനിന്നു മുക്തനാകാം- ഇതാണ് ഹജ്ജിന്റെ പ്രധാന ചടങ്ങുകൾ. ഹജ്ജുപോലെത്തന്നെ നിർബന്ധമാകുന്നു ഉംറഃയും. ഉംറഃ പക്ഷേ, വർഷത്തിൽ എപ്പോൾ വേണമെങ്കിലും ചെയ്യാം. ഹജ്ജിനെ അപേക്ഷിച്ച് ലളിതമാണ് ഉംറഃയുടെ ചടങ്ങുകൾ. മക്കഃയിൽ ചെന്ന് കഅ്ബഃ ത്വവാഫു ചെയ്യുകയും സ്വഫാ-മർവഃക്കിടയിൽ നടക്കുകയും ചെയ്യുന്നതോടെ ഉംറഃ പൂർത്തിയാകുന്നു.

ഹജ്ജിന്റെയും ഉംറഃയുടെയും ചടങ്ങുകൾ ഓരോന്നും ദൈവത്തോടുള്ള ഭക്തിയുടെയും സ്നേഹത്തിന്റെയും പൈശാചിക ശക്തികളോടുള്ള വിരോധത്തിന്റെയും ദൈവത്തിനുള്ള ആത്മ സമർപ്പണത്തിന്റെയും പ്രതീകങ്ങളും ഇസ്‌ലാമിക ചരിത്ര സംഭവങ്ങളുടെ അനുസ്മരണങ്ങളുമാകുന്നു. കാലദേശങ്ങൾക്കതീതമായ വിശ്വാസത്തിന്റെയും ആ വിശ്വാസത്തിലധിഷ്ഠിതമായ ധർമവ്യവസ്ഥയുടെയും സാർവദേശീയ സാഹോദര്യത്തിന്റെയും പ്രകടനമാണ് ഹജ്ജ്. മുസ്‌ലിംലോകത്തിന്റെ ആത്മീയ കേന്ദ്രത്തിൽ ചേരുന്ന വാർഷിക സമ്മേളനവുമാണത്. ഹജ്ജിലെ ഏറ്റവും പ്രധാനമായ ചടങ്ങ് അറഫഃ സംഗമമാണ്. ലോകത്തിന്റെ വിവിധ മുക്കു മൂലകളിൽനിന്ന് എത്തിച്ചേരുന്ന വിശ്വാസികളെല്ലാം ദേശ-ഭാഷാ-വർഗവർണ വ്യത്യാസങ്ങൾ മറന്ന് ഇവിടെ ഒരേ വസ്ത്രം ധരിച്ച് ഒരേ അല്ലാഹുവിന്റെ മുമ്പിൽ കൈനീട്ടി നിന്നു പ്രാർഥിക്കുകയും ഒരേ നേതാവിന്റെ പ്രഭാഷണം ശ്രവിക്കുകയും ചെയ്യുന്നു. മുസ്‌ലിം സമൂഹത്തെ പരസ്പരം പരിചയപ്പെടുത്തുന്നതിലും ഏകീകരിക്കുന്നതിലും ഹജ്ജിനുള്ള പങ്ക് അവിതർക്കിതമാകുന്നു.